**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3510** **05-08-2021 - ൽ മറുപടിയ്ക്ക്**

**നികുതി ഭരണത്തിലെ അധികാരനഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നിലവിൽ വന്നതോടെ നികുതി ഭരണത്തിൽ എന്തെല്ലാം തരത്തിലുള്ള അധികാരനഷ്ടങ്ങളാണ് സംസ്ഥാനത്തിന് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ) | വിവിധ സംസ്ഥാനങ്ങളിൽ നിലനിന്നിരുന്ന വാറ്റ് നികുതിയും കേന്ദ്ര സർക്കാരിന്റെ എക്സൈസ് സേവന നികുതികളും, ഒട്ടേല്ലാ പരോക്ഷ നികുതികളും സംയോജിപ്പിച്ച് അഖിലേന്ത്യാടിസ്ഥാനത്തിൽ ഒരൊറ്റ ഏകീകൃത നികുതി നിയമമാണ് ചരക്കു സേവന നികുതി (ജി.എസ്.ടി). ജി.എസ്.ടിയിൽ നിയമങ്ങളിലോ ചട്ടങ്ങളിലോ മാറ്റം വരുത്തുന്നതിന് സംസ്ഥാനത്തിന് മാത്രമായി അധികാരമില്ല. ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത് ജി.എസ്.ടി കൗൺസിൽ ആണ്. കേന്ദ്ര ധനകാര്യമന്ത്രി അധ്യക്ഷൻ ആയിട്ടുള്ള ജി.എസ്.ടി കൗൺസിലിൽ എല്ലാ സംസ്ഥാനങ്ങളിലേയും കേന്ദ്രഭരണ പ്രദേശങ്ങളിലേയും ധനകാര്യ വകുപ്പ് മന്ത്രിമാർ അംഗങ്ങളാണ്. ജി.എസ്.ടി കൗൺസിൽ യോഗത്തിൽ ഹാജരായി വോട്ട് ചെയ്യുന്ന അംഗങ്ങളുടെ നാലിൽ മൂന്നു വോട്ടിംഗ് ശക്തിയുടെ ഭൂരിപക്ഷത്തിലാണ് ജി.എസ്.ടി യിൽ തീരുമാനങ്ങളെടുക്കുന്നത്. കേന്ദ്ര സർക്കാരിന്റെ വോട്ടിംഗ് ശക്തി, പോൾ ചെയ്ത വോട്ടിന്റെ മൂന്നിൽ ഒന്നും, സംസ്ഥാന സർക്കാരുകളുടെ മൊത്തം വോട്ടുകളുടെ മൂല്യം പോൾ ചെയ്ത വോട്ടിന്റെ മൂന്നിൽ രണ്ടും ആണ്. |

സെക്ഷൻ ഓഫീസർ